(ഇ) ഡി.എൽ.ഇ.സി. അംഗീകരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുകയും അവയുടെ നിർമ്മാണത്തിന്റെ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

52 (2743) നിയമസഭാ കമ്മിറ്റികൾ പരിശോധന നടത്തിയ പ്രോജക്ടുകൾ

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമസഭയുടെ ഏതെല്ലാം കമ്മിറ്റികളാണ് എം.വി.ഐ.പി, കുരിയാർകുറ്റി, കാരപ്പാറ, കാരാപ്പുഴ എന്നീ പ്രോജക്ടുകൾ സന്ദർശിച്ചത്;

(ബി) പ്രസ്തുത കമ്മിറ്റികൾ ഏതെങ്കിലും റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഈ മൂന്ന് പദ്ധതിയുടെയും ഹെഡ് വർക്ക്, കനാൽ നിർമ്മാണം എന്നിവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(ഡി) ഇതിൽ എന്തെങ്കിലും പദ്ധതികളുടെ കനാൽ നിർമ്മാണം ആരംഭിച്ചശേഷം വിജിലൻസ് അന്വേഷണത്തിന്റെയോ സാങ്കേതികപ്രശ്നത്തിന്റെ പേരിലോ നിർത്തിവച്ചിട്ടുണ്ടോ: എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, പെറ്റീഷൻസ് കമ്മിറ്റി എന്നിവ മൂവാറ്റുപുഴ നദീതട ജലസേചനപദ്ധതിയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി കാരാപ്പുഴ ജലസേചന പദ്ധതിയും സന്ദർശിച്ചിരുന്നു.

(ബി) ഇല്ല.

(സി) മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിയുടെ ഡാമിന്റെ പണികൾ പൂർത്തിയായി. പദ്ധതിയുടെ മെയിൻ കനാലുകളുടെ പണി 49.449 കിലോമീറ്ററും ബ്രാഞ്ച് കനാലുകളുടെ പണി 15.865 കിലോമീറ്ററും, ഡിസ്ട്രിബ്യൂട്ടറികളുടെ പണി 24.212 കി. മീറ്ററും പൂർത്തിയാക്കിയിട്ടുണ്ട്. 10.596 കിലോമീറ്റർ മെയിൻ കനാലിന്റെയും 28.485 കിലോമീറ്റർ ബ്രാഞ്ച് കനാലിന്റെയും 71.702 കിലോമീറ്റർ ഡിസ്ട്രിബ്യൂട്ടറിയുടേയും പണികൾ പുരോഗമിച്ചുവരുന്നു. കുരിയാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതിയുടെ കനാൽ നിർമ്മാണം സംസ്ഥാന വിജിലൻസ് അന്വേഷണംമൂലം നിർത്തിവച്ചിരിക്കുകയാണ്. മൂലത്തറ റഗുലേറ്ററിന്റെ ഉയരം കൂട്ടുന്ന പ്രവർത്തനവും ഇതിനോടനുബന്ധിച്ച് നീക്കിവച്ചു. കാരാപ്പുഴ ജലസേചനപദ്ധതിയുടെ ഹെഡ്വർക്സിലെ എർത്ത് ഡാമിന്റെ പണി പൂർത്തിയായി. സ്പിൽവേയുടെ പണി 97% പൂർത്തിയായി. റേഡിയൽ ഗേറ്റ്, ട്രാഷ് റാക്ക്, മറ്റ് ഗേറ്റുകൾ തുടങ്ങിയ മെക്കാനിക്കൽ വിഭാഗത്തിന്റെ ജോലികൾ നടക്കേണ്ടിയിരിക്കുന്നു. ഇടതുകര കനാലിന്റെ ആകെ നീളമായ 16.74 കി. മീറ്ററിൽ 14.06 കിലോമീറ്റർ പണി പൂർത്തിയായി. വലതുകനാലിന്റെ 8.805 കിലോമീറ്ററിൽ 7.165 കി. മീറ്റർ പണി പൂർത്തിയായിട്ടുണ്ട്. ബ്രാഞ്ച് കനാലുകളുടെ 48.75 കിലോമീറ്ററിൽ 6.015 കിലോമീറ്ററിന്റെ പണി ഏറ്റെ

LIBRARY ARCHIVES Kerala Legislative Assembly

ടുക്കുകയും അതിൽ 5.275 കിലോമീറ്റർ പൂർത്തിയാക്കുകയും ചെയ്തു. 61.90 കിലോമീറ്റർ ഡിസ്ട്രിബ്യൂട്ടറികളുടെ വിശദമായ പര്യവേഷണം നടന്നുവരുന്നു.

(ഡി) മൂവാറ്റുപുഴ ജലസേചനപദ്ധതിയിൽ 'ഓൺ മെറ്റീരിയൽ' സിസ്റ്റത്തിൽ ഏർപ്പാട് ചെയ്ത പണികളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടന്നുവരുന്നതിനാൽ ആ ഭാഗങ്ങളിലെ നിർമ്മാണം തടസ്സപ്പെട്ടിട്ടുണ്ട്. ഇതിൽപ്പെട്ട 56 പണികളിൽ 16 എണ്ണം പൂർത്തിയായിരുന്നു. 6 എണ്ണം ടെർമിനേറ്റ് ചെയ്തിരുന്നു. 34 എണ്ണം വിവിധ ഘട്ടങ്ങളിൽ പൂർത്തിയാകാതെ കിടക്കുന്നു. കുരിയാർകുട്ടി-കാരപ്പാറ ജലസേചനപദ്ധതിയുടെ കനാൽ നിർമ്മാണം വിജിലൻസ് അന്വേഷണംമൂലം നിർത്തിവച്ചിട്ടുണ്ട്. വലതുകനാലിന്റെ കോരക്കാർ പുഴവരെ ഡിപ്പാർട്ടുമെന്റലായി അറേഞ്ച് ചെയ്ത നിർമ്മാണ പ്രവർത്തനങ്ങളാണ് നിർത്തിവച്ചത്. മൂലത്തറ റഗുലേറ്ററിന്റെ ഉയരം കൂട്ടുന്ന പ്രവർത്തനവും ഇതിനോടനുബന്ധിച്ച് നീട്ടിവച്ചു.

53 (2744) കമാന്റ് ഏരിയ ഡവലപ്മെന്റ് അതോറിറ്റിയുടെ കീഴിൽ ഏറ്റെടുത്തിട്ടുള്ള പ്രദേശങ്ങൾ

ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമാന്റ് ഏരിയ ഡവലപ്മെന്റ് അതോറിറ്റിയുടെ കീഴിൽ ഏറ്റെടുത്തിട്ടുള്ള പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവിടെ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ഇനത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം ആകെ എത്രരൂപ ഈ മേഖലയിൽ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കൂടുതൽ പ്രദേശങ്ങളെ അതോറിറ്റിയുടെ കീഴിൽ കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളാണ് പുതുതായി ഉൾപ്പെടുത്തുന്നത് എന്ന് വെളിപ്പെടുത്തുമോ;

(എഫ്) കാഡയുടെ ഇന്നുള്ള പ്രവർത്തനരീതിയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ, വാളയാർ, പോത്തുണ്ടി, ഗായത്രി, മംഗലം, പീച്ചി, വാഴാനി, ചീരക്കുഴി, ചാലക്കുടി, നെയ്യാർ, ചിറ്റൂർപുഴ, പെരിയാർവാലി, പമ്പ, കുറ്റ്യാടി എന്നീ 14 ജലസേചന പദ്ധതികളുടെ ആയക്കെട്ട് പ്രദേശങ്ങളിലാണ് ഇപ്പോൾ കാഡാ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നത്. കൂടാതെ പഴശ്ശി, കാഞ്ഞിരപ്പുഴ എന്നീ പദ്ധതികളും കൂടെ കാഡായിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാർ അനുവാദം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly